2026
AUGUST
28
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# 12 വർഷം പിന്നിട്ട് പ്രധാനമന്ത്രി ജൻ ധൻ യോജന

ന്യൂദൽഹി: എല്ലാവർക്കും ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കുന്നതിനായി 2014 ഓഗസ്റ്റ് 28ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ച പ്രധാൻ മന്ത്രി ജൻ ധൻ യോജന (പിഎംജെഡിവൈ)12 വർഷങ്ങൾ പിന്നിട്ടു. പിഎംജെഡിവൈ ഇന്ത്യൻ സാമ്പത്തിക രംഗത്ത് വലിയ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചു. സമസ്ത ജനവിഭാഗങ്ങളിലേക്കും ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ സംരംഭങ്ങളിലൊന്നായി പിഎംജെഡിവൈ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സമൂഹത്തിലെ ദരിദ്രർക്കും പിന്നാക്കം നിൽക്കുന്നവർക്കും ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കാക്കാൻ ധനകാര്യ മന്ത്രാലയം മുൻകൈയെടുക്കുന്നു. പ്രധാൻ മന്ത്രി ജൻ ധൻ യോജന വഴി ബാങ്ക് അക്കൗണ്ട് ഇല്ലാത്ത ഏതൊരു പൗരനും ഇപ്പോൾ എളുപ്പത്തിൽ ബാങ്ക് അക്കൗണ്ട് തുറക്കാം. അക്കൗണ്ടിൽ മിനിമം ബാലൻസോ അക്കൗണ്ട് നിലനിർത്തുന്നതിന് പരിപാലന ഫീസോ ഇടാക്കുന്നില്ല.

എല്ലാ അക്കൗണ്ടിലും സൗജന്യ റുപേ ഡെബിറ്റ് കാർഡ് ലഭ്യമാണ്. അക്കൗണ്ട് ഉടമകൾക്ക് രണ്ടു ലക്ഷം രൂപ അപകട ഇൻഷ്വറൻസ് പരിരക്ഷ വാഗ്ദാനം ചെയ്യുന്നു. ഡിജിറ്റൽ ഇടപാടുകളും സാമ്പത്തിക സുരക്ഷിതത്വവും പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി അടിയന്തര ഘട്ടങ്ങളിൽ അക്കൗണ്ട് ഉടമകൾക്ക് 10,000 രൂപവരെ ഓവർഡ്രാഫ്റ്റ് സൗകര്യം നൽകുന്നു. പിഎം ജീവൻജ്യോതി ബീമാ യോജന, പിഎം സുരക്ഷാ ബീമാ യോജന തുടങ്ങിയ ജൻ സുരക്ഷാ പദ്ധതികളിലൂടെ അസംഘടിത മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്ക് ലൈഫ്, അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിൽ പിഎംജെഡിവൈ അക്കൗണ്ടുകൾ നിർണായക പങ്ക് വഹിക്കുന്നു.

പിഎംജെഡിവൈ അക്കൗണ്ടുകളിൽ 78% അക്കൗണ്ടുകളും ഗ്രാമീണ/ അർധ നഗര മേഖലകളിലാണ്. അക്കൗണ്ട് ഉടമകളിൽ 56 ശതമാനത്തോളം വനിതകളുടേതാണ്. രാജ്യത്തിൻറെ വിദൂര, പിന്നാക്ക പ്രദേശങ്ങളിലെ ആളുകളെക്കൂടി സാമ്പത്തികവ്യവസ്ഥയിലേക്ക് ആനയിക്കുന്നതിനുള്ള പദ്ധതിയുടെ മുൻഗണനയാണ് ഇത് വ്യക്തമാക്കുന്നത്.

ബാങ്ക് അക്കൗണ്ടുകൾ, ആധാർ, മൊബൈൽ നമ്പറുകൾ എന്നിവ കോർത്തിണക്കിയുള്ള ജാം ത്രിത്വം സംവിധാനം ആനുകൂല്യ കൈമാറ്റം സുഗമവും സുരക്ഷിതവുമാക്കി. ഇതിലൂടെ ഫണ്ടുകളുടെ ദുരുപയോഗവും വകമാറ്റലും കാലതാമസവും ഒഴിവായി. ദൗത്യരൂപേണയുള്ള സമീപനം, നിയന്ത്രണ പിന്തുണ, പൊതുസ്വകാര്യ പങ്കാളിത്തം, ബയോമെട്രിക് പരിശോധനയ്ക്കായി ആധാർ പോലുള്ള ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ സമന്വയം എന്നിവയാണ് പ്രധാൻ മന്ത്രി ജൻ ധൻ യോജനയുടെ വിജയത്തിന് ആധാരം. മുമ്പ് ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന് പുറത്തായിരുന്ന സാധാരണക്കാരെ സാമ്പത്തിക സേവനങ്ങളിലേക്ക് ആനയിക്കുന്നതിനും സാമ്പത്തിക ശക്തീകരണത്തിനുമുള്ള ആദ്യപടിയായി ഈ പദ്ധതി മാറി.

ബാങ്ക് അക്കൗണ്ടുകൾ തുറന്ന ശേഷം, സമ്പാദ്യം വർധിപ്പിക്കുന്നതിലും വായ്പകൾ പ്രാപ്യമാക്കുന്നതിലും വലിയ പുരോഗതി കൈവരിക്കാനായി. പതിവ് സമ്പാദ്യവും ബാങ്ക് അക്കൗണ്ടുകളുടെ ശരിയായ ഉപയോഗവും മുദ്ര വായ്പകൾ അടക്കമുള്ള വായ്പകൾക്ക് യോഗ്യരാക്കുന്നു. ഇത് ചെറുകിട ബിസിനസുകൾ ആരംഭിക്കാനും വിപുലീകരിക്കാനും ഇതിലൂടെ വരുമാനം വർധിപ്പിച്ച് സാമ്പത്തികമായി സ്വയംപര്യാപ്തരാകാനും സഹായിക്കുന്നു.പതിമൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെയും ഡിജിറ്റൽ നൂതനാശയങ്ങളുടെയും സാമ്പത്തിക ശക്തീകരണത്തിൻറെയും ദീപസ്തംഭമായി പ്രധാൻ മന്ത്രി ജൻ ധൻ യോജന തുടരുന്നു.



## വിസ് വോയേജർ' മൾട്ടികറൻസി ട്രാവൽ കാർഡ് പുറത്തിറക്കാൻ വിസ്മണിയും ഒമാൻ എയറും കൈകോർക്കുന്നു

**കൊച്ചി:** വിസ്മണി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും ഒമാൻ എയറും ചേർന്ന് 'വിസ് വോയേജർ' കൊബ്രാൻഡഡ് മൾട്ടികറൻസി ട്രാവൽ കാർഡ് പുറത്തിറക്കി. വിവിധ അന്താരാഷ്ട്ര കറൻസികളിൽ സുഗമമായി സാമ്പത്തിക ഇടപാടുകൾ നടത്താൻ ഈ പുതിയ ട്രാവൽ കാർഡിലൂടെ സാധിക്കും. വിസ്മണിയുടെ ഫിൻടെക് മികവും ഒമാൻ എയറിന്റെ ആഗോള നെറ്റ്‌വർക്കും ഒന്നിക്കുന്ന ഈ പങ്കാളിത്തത്തിലൂടെ പേയ്മെന്റുകൾ, റിവാർഡുകൾ, യാത്രാ ആനുകൂല്യങ്ങൾ എന്നിവ ഇനി ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകും. അന്താരാഷ്ട്ര യാത്രക്കാർക്ക് കൂടുതൽ സുഗമവും ആയാസരഹിതവുമായ യാത്രാസാമ്പത്തിക അനുഭവം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദേശ യാത്രക്കാർ, ഉപരി പഠനം ലക്ഷ്യമാക്കുന്ന വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ എന്നിവരെ ലക്ഷ്യമിട്ടാണ് ഈ കാർഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിവിധ ആഗോള കറൻസികൾ ഉപയോഗിക്കാവുന്ന ഈ കാർഡിലൂടെ റിയൽ ടൈം മൊബൈൽ ആപ്പ് ട്രാക്കിംഗ്, സ്മാർട്ട് സാമ്പത്തിക നിയന്ത്രണങ്ങൾ എന്നിവ ലഭ്യമാകുന്നു. വിമാന യാത്രയിൽ മാത്രം ഒതുങ്ങാതെ മറ്റു മൂല്യവർദ്ധിത സേവനങ്ങളിലൂടെ ഒരു പുതിയ അനുഭവം നൽകാനാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നത്. ഉപഭോക്താക്കളുടെ മാറുന്ന പ്രതീക്ഷകൾക്കനുസരിച്ച് സേവനങ്ങൾ വിമാനത്താവളങ്ങൾക്ക് അപ്പുറത്തേക്ക് വ്യാപിപ്പിക്കാനും മുഴുവൻ യാത്രാവേളയിലും കൂടുതൽ മൂല്യം നൽകാനും ഇത്തരത്തിലുള്ള പങ്കാളിത്തങ്ങൾ സഹായിക്കുമെന്ന് ഒമാൻ എയർ റീട്ടെയ്ലിംഗ്, അൻസിലറി ആൻഡ് കൊമേഴ്സ് വൈസ് പ്രസിഡന്റ് സൂര്യ കുച്ചിഭോട്‌ല പറഞ്ഞു. യാത്രയും പേയ്മെന്റുകളും ഒരൊറ്റ സുഗമമായ അനുഭവമാക്കി മാറ്റുന്നതിലൂടെ വിസ്മണിയുമായുള്ള പങ്കാളിത്തം തങ്ങളുടെ കാഴ്ചപ്പാടിനെയാണ് വ്യക്തമാക്കുന്നത്. ഇത് യാത്രക്കാർക്ക് കൂടുതൽ സൗകര്യവും ഓരോ യാത്രയിലും മികച്ച റിവാർഡുകളും നൽകുന്നു. അന്താരാഷ്ട്ര യാത്രകളെ കൂടുതൽ ലളിതവും ലാഭകരവുമാക്കുന്ന 'വിസ് വോയേജർ കാർഡ്', കമ്പനിയുടെ വിപുലമായ റീട്ടെയിൽ, അൻസിലറി തന്ത്രങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യാത്രാ ചെലവുകളെ മികച്ച യാത്രാവസരങ്ങളാക്കി മാറ്റാൻ വിസ്‌വൊയേജർ കാർഡിലൂടെ സാധിക്കും. കാർഡ് ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന റിവാർഡുകൾ വഴി ഒമാൻ എയർ ഫ്ളൈറ്റ് വൗച്ചറുകൾ, സീറ്റ് അപ്ഗ്രേഡുകൾ തുടങ്ങി നിരവധി സവിശേഷ യാത്രാ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് സ്വന്തമാക്കാം. കൂടാതെ വിസ് വോയേജറിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി അവധിക്കാലങ്ങളും മറ്റ് അനുബന്ധ സേവനങ്ങളും ഉപഭോക്താക്കൾക്ക് നേരിട്ട് പ്രയോജനപ്പെടുത്താം. യാത്ര ആസൂത്രണം ചെയ്യുന്നത് മുതൽ പേയ്മെന്റുകൾ വരെയുള്ള എല്ലാ കാര്യങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കാനും ഇതിലൂടെ സാധിക്കുന്നു. പുതുതലമുറയിലെ ആഗോള യാത്രക്കാർക്കായി രൂപകൽപ്പന ചെയ്ത 'വിസ് വോയേജർ കാർഡ്' വഴി നടത്തുന്ന ഓരോ ഇടപാടും ഉപഭോക്താക്കൾക്ക് മികച്ച മൂല്യവും, യാത്രകളിൽ കൂടുതൽ ലാഭവും ഉറപ്പാക്കുന്നു. പൂർണ്ണമായും സംയോജിതമായ ഒരു യാത്രാപേയ്മെന്റ് സംവിധാനം സൃഷ്ടിക്കുന്നതിൽ ഇത് സുപ്രധാന ചുവടുവെപ്പാണെന്ന് വിസ് ഫിനാൻഷ്യൽ സ്ഥാപകനും ഗ്രൂപ്പ് സിഇഒയുമായ അമീർ നഗാമി പറഞ്ഞു. ഉപഭോക്താക്കളുടെ യാത്രാനുഭവം എല്ലാ തലത്തിലും കൂടുതൽ മികച്ചതാക്കാൻ വിസ്മണി പ്രതിജ്ഞാബദ്ധമാണ്. ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര യാത്രക്കാർക്ക് മികച്ച മൂല്യവും സമ്മാനിക്കുന്നതിനായി സൗകര്യവും അവിസ്മരണീയ നൂതനാശയങ്ങളെയും നിമിഷങ്ങളും അനുഭവസമ്പത്തിനെയും സമന്വയിപ്പിക്കുന്നതാണ് ഈ പുതിയ പങ്കാളിത്തമെന്ന് വിസ്മണി ഇന്ത്യ ഡയറക്ടറും സിഇഒയുമായ സി.എ. കൃഷ്ണൻ ആർ. വ്യക്തമാക്കി. ഒമാൻ എയർ കൗണ്ടറുകൾ, വെബ്സൈറ്റ്, വിസ്മണി ബ്രാഞ്ചുകൾ, മറ്റ് അംഗീകൃത പങ്കാളികൾ എന്നിവർ മുഖേന ഈ കാർഡ് ഉപഭോക്താക്കൾക്ക് ലഭ്യമാകും. പൂർണ്ണമായും ഡിജിറ്റലായ നടപടിക്രമങ്ങളിലൂടെ കാർഡ് എളുപ്പത്തിൽ സ്വന്തമാക്കാമെന്നതിനൊപ്പം, ഉപഭോക്താക്കൾക്ക് യാതൊരു തടസ്സങ്ങളുമില്ലാത്ത മികച്ച സേവനവും ഇതിലൂടെ ഉറപ്പാക്കുന്നുവെന്ന് അധികൃതർ പറഞ്ഞു.

## കൊട്ടക് ബിസ് ലാബ്സ് സീസൺ 3; 100ലധികം സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

**കൊച്ചി:**കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ സി.എസ്.ആർ. സംരംഭമായ 'കൊട്ടക് ബിസ് ലാബ്സ് ആക്സിലറേറ്റർ പ്രോഗ്രാമിന്റെ' മൂന്നാം സീസൺ പ്രഖ്യാപിച്ചു. കിഴക്കൻ, വടക്കുകിഴക്കൻ ഇന്ത്യകളിലേക്കും സേവനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.ഐ.എം. കൽക്കട്ട ഇന്നൊവേഷൻ പാർക്ക് പുതിയ ഇൻകുബേറ്റർ പങ്കാളിയായി ചേർന്നു. 2026 ആഗസ്റ്റ് മുതൽ 2027 ഒക്ടോബർ വരെ നീളുന്ന ഈ പദ്ധതിയിലൂടെ ഇന്ത്യയിലുടനീളമുള്ള നൂറിലധികം സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പും സാമ്പത്തിക പിന്തുണയും ലഭിക്കും.

ഐ.ഐ.എം. കൽക്കട്ട, സി.ഐ.ഐ.ഇ. ഇനിഷ്യേറ്റീവ്സ്, ഐ.ഐ.എം. ബാംഗ്ലൂർ, ടിഹബ്, ഐ.ഐ.ടി. ഡെൽഹി എന്നിവയാണ് പ്രധാന ഇൻകുബേഷൻ പങ്കാളികൾ. ഇതുവരെ 4,500ലധികം അപേക്ഷകൾ ലഭിച്ച പ്രോഗ്രാമിലൂടെ 125ലധികം സംരംഭങ്ങളെ വളർത്തിയെടുക്കാനും ഗ്രാന്റുകൾ നൽകാനും സാധിച്ചിട്ടുണ്ട്. അഗ്രിടെക്, ഫിൻടെക്, ഹെൽത്ത് ടെക്, ഡീപ്ടെക് തുടങ്ങിയ മേഖലകൾക്കാണ് സീസൺ 3 പ്രാധാന്യം നൽകുന്നത്. ഡി.പി.ഐ.ഐ.ടി. അംഗീകൃത സ്റ്റാർട്ടപ്പുകൾക്ക് https://kotakbizlabs.accubate.app/ext/form/24005/1/apply ലിങ്ക് വഴിഅപേക്ഷ സമർപ്പിക്കാം.




## ആക്സിസ് പെൻഷൻ ഫണ്ടിന്റെ ആസ്തി 20,000 കോടി രൂപ പിന്നിട്ടു

**കൊച്ചി:** ആക്സിസ് അസറ്റ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡിന്റെ (ആക്സിസ് എഎംസി) പെൻഷൻ ഫണ്ട് മാനേജ്മെന്റ് വിഭാഗമായ ആക്സിസ് പെൻഷൻ ഫണ്ടിന്റെ ആസ്തി (എയുഎം) 20,000 കോടി രൂപ പിന്നിട്ടു. രാജ്യത്തെ സർക്കാരിതര പെൻഷൻ മേഖലയിൽ അതിവേഗം വളരുന്ന സ്ഥാപനങ്ങളിലൊന്നായി ഇതോടെ ആക്സിസ് പെൻഷൻ ഫണ്ട് മാറി. 2025 ജൂൺ മുതൽ 2026 ഓഗസ്റ്റ് വരെയുള്ള 15 മാസം കൊണ്ടാണ് കമ്പനിയുടെ ആസ്തി യിൽ 10,000 കോടി രൂപ കൂട്ടിച്ചേർത്തത്.

ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന വിശ്വാസം, വിപുലമായ വിതരണ ശൃംഖല, മികച്ച ദീർഘകാല റിട്ടയർമെന്റ് പ്ലാനിംഗ് മാർഗമായി എൻപിഎസിന് ലഭിച്ച സ്വീകാര്യത എന്നിവയാണ് ഈ അതിവേഗ വളർച്ചയ്ക്ക് പ്രധാന കാരണമായത്. ഇതിനുപുറമെ, ആക്സിസ് ബാങ്കിന്റെ വിതരണ ശൃംഖല പ്രയോജനപ്പെടുത്തി മികച്ചൊരു എൻപിഎസ് ഫ്രാഞ്ചൈസി കെട്ടിപ്പടുക്കുന്നതിൽ നൽകിയ പ്രത്യേക ശ്രദ്ധയും ഈ നേട്ടത്തിന് കരുത്തേകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് വെറും 1520 സെക്കൻഡുകൾക്കുള്ളിൽ പുതിയ എൻപിഎസ് അക്കൗണ്ട് തുറക്കാൻ സൗകര്യമൊരുക്കുന്ന 'തത്കാൽ ഓൺബോർഡിംഗ് ജേർണി' ആക്സിസ് പെൻഷൻ ഫണ്ട് അവതരിപ്പിച്ചു.



# കേരളത്തെ ലോകോത്തര ടൂറിസം കേന്ദ്രമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തെ ലോകത്തിന് മുന്നിൽ പ്രധാന വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണം വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ സവിശേഷതകളും പ്രകൃതിമനോഹാരിതയും അന്താരാഷ്ട്ര തലത്തിൽ അവതരിപ്പിക്കുന്നതിനായി നിരവധി സമഗ്ര പദ്ധതികൾക്കാണ് സർക്കാർ തുടക്കമിടുന്നത്. തുറമുഖങ്ങളും കായലുകളും നദികളും സംയോജിപ്പിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് ടൂറിസം പ്രോജക്ട് നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ക്രുയിസ് ടെർമിനലുകൾ, റിവർ ക്രുയിസുകൾ എന്നിവ നടപ്പിലാക്കുകയും റോഡ്, റെയിൽ കണക്റ്റിവിറ്റി കൂടുതൽ ശക്തമാക്കുകയും ചെയ്യും. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം ജനങ്ങളുടെ പങ്കാളിത്തത്തോടെ 'സീറോ വേസ്റ്റ്' ക്ലീൻ കേന്ദ്രങ്ങളാക്കി മാറ്റും. ബീച്ച്, റിവർ, ഫോറസ്റ്റ് ടൂറിസങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഓഷ്യനേറിയവും സജ്ജമാക്കും.

പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് കാലഘട്ടങ്ങൾ ഉൾപ്പെടുന്ന കേരളത്തിന്റെ സമുദ്ര പാരമ്പര്യം പ്രദർശിപ്പിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള ഇന്റർനാഷണൽ മാരിടൈം മ്യൂസിയവും സ്ഥാപിക്കും. മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത രീതിയിലുള്ള അത്യാധുനിക ഫിലിം സിറ്റിയും സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരുടെ ഓർമ്മയ്ക്കായി അന്താരാഷ്ട്ര നിലവാരമുള്ള കൾച്ചറൽ പാർക്കും യാഥാർത്ഥ്യമാക്കും. തലസ്ഥാനത്തിന്റെ വികസന പദ്ധതി സർപ്രൈസായി നിലനിർത്തുകയാണെന്നും അധികം വൈകാതെ പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജാതി, മത വ്യത്യാസങ്ങളില്ലാതെ എല്ലാവരും ഒന്നിച്ചുചേരുന്ന അപൂർവ്വ അവസരമാണ് ഓണമെന്നും ഓണത്തിന്റെ അനുഭവങ്ങൾ വരാനിരിക്കുന്ന കാലത്തേക്ക് കൂടിയുള്ളതാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഈ ഓണകാലത്ത് എല്ലാവരും സന്തോഷത്തോടുകൂടി ഇരിക്കാൻ സർക്കാരിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടെന്നും എല്ലാവരുടെയും കൈകളിലേക്കും പണമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ആഘോഷം മാത്രമല്ല മലയാളിയുടെ ജീവിതം ലോകത്തിനു മുന്നിൽ പരിചയപ്പെടുത്താനുള്ള അവസരം കൂടിയാണ് വാരാഘോഷത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ടൂറിസം സാംസ്കാരികം സിനിമ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് പറഞ്ഞു.

ചടങ്ങിൽ ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ, ഡോ. ശശി തരൂർ എംപി, എംഎൽഎമാരായ എം.വിൻസെന്റ്, എൻ.ശക്തൻ, ജി.സ്റ്റീഫൻ, രമ്യ ഹരിദാസ്, സുധീർഷാ പാലോട്, ജി.ആർ അനിൽ, മേയർ വി.വി രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയദർശിനി, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ടൂറിസം സെക്രട്ടറി കെ.ബിജു, ഡയറക്ടർ എം.അഞ്ജന, അഡീഷണൽ ഡയറക്ടർ ശ്രീധന്യ സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണ മേഖലയിൽ വിശ്വാസ് പദ്ധതി നടപ്പാക്കും

**തിരുവനന്തപുരം:** സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപര്യങ്ങളും നിക്ഷേപങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി 'വിശ്വാസ്' എന്ന പേരിൽ സമഗ്ര പാക്കേജ് നടപ്പാക്കുമെന്ന് സഹകരണ വകുപ്പ് മന്ത്രി എം ലിജു സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നിക്ഷേപ പ്രതിസന്ധി നേരിടുന്ന 400ലേറെ സഹകരണ സംഘങ്ങളെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഫണ്ട് വകമാറ്റൽ, തട്ടിപ്പ് തുടങ്ങിയ ഭരണപരമായ വീഴ്ചകളെ തുടർന്ന് പ്രതിസന്ധിയിലായ സംഘങ്ങളിൽ ഉത്തരവാദികളായവരിൽ നിന്ന് സർചാർജ് നടപടികളിലൂടെ തുക ഈടാക്കും. സംഘങ്ങൾക്ക് ലഭിക്കാനുള്ള വായ്പകൾ നിർബന്ധമായും പിരിച്ചെടുക്കുന്നതിനൊപ്പം ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ഉപയോഗിച്ചും നിക്ഷേപകർക്ക് തുക തിരികെ നൽകും. കൃത്യമായ മാനദണ്ഡങ്ങളും മുൻഗണനാക്രമവും പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കും നിക്ഷേപത്തുക വിതരണം ചെയ്യുകയെന്നും മന്ത്രി വ്യക്തമാക്കി.

ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുകയും തെറ്റായ ഓഡിറ്റ് റിപ്പോർട്ടുകൾ നൽകുകയും ചെയ്ത ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കും. സഹകരണ മേഖലയിലെ വിശ്വാസ്യത കൂടുതൽ ശക്തിപ്പെടുത്തുകയാണ് 'വിശ്വാസ്' പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുള്ള 'ആശ്വാസ് 2026' പദ്ധതിയിലൂടെ ഇതിനകം 100 കോടിയിലധികം രൂപയുടെ സെറ്റിൽമെന്റുകൾ നടന്നിട്ടുണ്ട്. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി എം പിമാരെയും എം എൽ എമാരെയും സമിതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദാലത്തുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ 35 ശതമാനം വരെയും ജോയിന്റ് രജിസ്ട്രാർ തലത്തിൽ 50 ശതമാനം വരെയും സംസ്ഥാനതല സമിതിയിൽ സാധ്യമാകുന്ന മുഴുവൻ പിഴപ്പലിശ ഇളവ് അനുവദിക്കാനും ഇതിലൂടെ കഴിയും. ഓണം, മഴക്കെടുതി എന്നിവ പരിഗണിച്ച് പദ്ധതിയുടെ കാലാവധി ഒരു മാസം കൂടി നീട്ടണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.വായ്പയെടുത്തയാൾ മരണപ്പെട്ടാൽ മൂന്ന് ലക്ഷം രൂപ വരെയുള്ള ബാധ്യത ഒഴിവാക്കുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ മാനദണ്ഡങ്ങളിലും ഇളവ് വരുത്തിയിട്ടുണ്ട്. ആറുമാസത്തെ കുടിശ്ശികയുണ്ടായാൽ ആനുകൂല്യം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ മാറ്റംവരുത്തി. ഇതു 12 മാസമാക്കി ഉയർത്തിയിട്ടുണ്ട്.

# മത്സ്യബന്ധന വികസനത്തിന് പ്രത്യേക പരിഗണന: മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ



**ഫോർട്ടുകൊച്ചി:** സംസ്ഥാനത്തെ ആദ്യ മാതൃകാ വിനോദസഞ്ചാര ഗ്രാമമായ കുമ്പളങ്ങിയുടെയും തീരദേശ ഗ്രാമമായ ചെല്ലാനത്തിന്റെയും മത്സ്യബന്ധന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമെന്നും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി കൂടുതൽ സഹായങ്ങൾ ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ.

കുമ്പളങ്ങി പഞ്ചായത്തും സംസ്ഥാന ടൂറിസം വകുപ്പും സംയുക്തമായി സംഘടിപ്പിച്ച കുമ്പളങ്ങി ടൂറിസം ഓണാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അബ്ദുൾ ഗഫൂർ.

പഞ്ചായത്ത് പ്രസിഡൻറ് ഷാജി കുറുപ്പശേരി അധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം മുഹമ്മദ് ഷിയാസ് എംഎൽഎ നിർവഹിച്ചു.

ആസൂത്രണ സമിതി ഉപാധ്യക്ഷൻ എം.പി. ശിവദത്തൻ, സ്വാഗതസംഘം ജനറൽ കൺവീനർ ജോൺ പഴേരി, പഞ്ചായത്ത് വൈസ് പ്രസിഡൻറ് മാർഗരേറ്റ് ലോറൻസ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്മാരായ ടേസി ജേക്കബ്, ഗോപി കരകോടത്ത്, പ്രോഗ്രാം കോഓർഡിനേറ്റർ അനഘ ജോസ് തുടങ്ങിയവരും പങ്കെടുത്തു.



# ഇവി ചാർജിംഗിന് 25 ശതമാനം ഇളവുമായി ടാറ്റ പവർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സംയോജിത ഊർജ്ജ കമ്പനിയും ഇലക്ട്രിക് വാഹന ചാർജിംഗ് ശ്യംഖലയിലെ മുൻനിരക്കാരുമായ ടാറ്റ പവർ, കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏഴ് കേന്ദ്രങ്ങളിൽ ഇവി ഫാസ്റ്റ് ചാർജിംഗിന് 25 ശതമാനം പ്രത്യേക ഇളവ് പ്രഖ്യാപിച്ചു. സെപ്റ്റംബർ 15 വരെ നീണ്ടുനിൽക്കുന്ന ഈ ഉത്സവകാല ഓഫറിലൂടെ, സംസ്ഥാനത്തുടനീളം യാത്ര ചെയ്യുന്ന ഇവി ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും ചെലവ് കുറഞ്ഞതുമായ ചാർജിംഗ് സേവനങ്ങൾ ലഭ്യമാകും.

നെട്ടൂരിലെ ലക്സൺ മോട്ടോഴ്സ്, എറണാകുളം മറൈൻ ഡ്രൈവിലെ വിവാന്ത എറണാകുളം, തുരുത്തിപ്പുറം ഡെയ്‌ലി അങ്ങാടി സൂപ്പർമാർക്കറ്റ്, ആലപ്പുഴയിലെ പഗോഡ റിസോർട്ട്, ഹരിപ്പാടുള്ള സുഗന്ധിക റെസിഡൻസി, തിരൂർ കെ.വി.ആർ ഓട്ടോമോട്ടീവ്, എടവണ്ണ വൺ സ്റ്റോപ്പ് ഓട്ടോമോട്ടീവ് എന്നീ എഴുകേന്ദ്രങ്ങളിലാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്. എല്ലാ ഇലക്ട്രിക് കാറുകൾക്കും അനുയോജ്യമായ രീതിയിലാണ് ഈ ഫാസ്റ്റ് ചാർജറുകൾ സജ്ജീകരിച്ചിരിക്കുന്നത്.

കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഇവി ഉപഭോക്താക്കൾക്ക് ചാർജിംഗ് സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമാണ് ടാറ്റ പവർ ഈ പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ വിശ്വസനീയമായ സേവനങ്ങൾ നൽകിക്കൊണ്ട് തങ്ങളുടെ ഇവി ഫാസ്റ്റ് ചാർജിംഗ് ശൃംഖല കൂടുതൽ ശക്തിപ്പെടുത്താനുള്ള കമ്പനിയുടെ നിരന്തര ശ്രമങ്ങളുടെ ഭാഗം കൂടിയാണിത്.

# ഇന്ത്യയിലെ മികച്ച അധ്യാപകർക്കുള്ള പുരസ്കാരം: 79 പേർ ദേശീയ ഫൈനലിൽ

**ന്യൂഡൽഹി:** ശിവ് നാടാർ ഫൗണ്ടേഷനും ഓക്സ്ഫോർഡ് സർവകലാശാലയിലെ സെയ്ദ് ബിസിനസ് സ്കൂളും ചേർന്ന് സംഘടിപ്പിക്കുന്ന 'ഇന്ത്യയിലെ മികച്ച അധ്യാപകർക്കുള്ള അവാർഡ് 2026' ദേശീയ ഫൈനലിലേക്ക് 79 അധ്യാപകർ തെരഞ്ഞെടുക്കപ്പെട്ടു. 32 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 9,400ലധികം അപേക്ഷകരിൽ നിന്നാണ് ഫൈനലിസ്റ്റുകളെ കണ്ടെത്തിയത്.

സെപ്റ്റംബർ 4ന് ഡൽഹിഎൻസിആറിലെ ശിവ് നാടാർ സർവകലാശാലയിലാണ് ദേശീയ ഫൈനൽ നടക്കുന്നത്. 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ മികച്ച അധ്യാപന രീതികളും മികവും പുലർത്തുന്ന അധ്യാപകരെയാണ് ഈ പുരസ്കാരത്തിനായി പരിഗണിച്ചിരിക്കുന്നത്. ഗണിതം, ഫിസിക്സ്, ഇംഗ്ലീഷ്, എക്കണോമിക്സ് ഉൾപ്പെടെ 8 വിഷയങ്ങളിലായി നടക്കുന്ന ഫൈനലിൽ നിന്ന് 16 അധ്യാപകർ അന്തിമ വിജയികളാകും. വിജയികൾക്ക് സൗജന്യ വിദഗ്ധ പരിശീലനത്തോടൊപ്പം യുകെയിലെ ഓക്സ്ഫോർഡ് സർവകലാശാലയിൽ പഠനക്യാമ്പിൽ പങ്കെടുക്കാനുള്ള സ്കോളർഷിപ്പും ലഭിക്കും.

# പൂക്കള മത്സരവുമായി ബിർള ഓപസിന്റെ ഓണാഘോഷം

**കൊച്ചി:** ബിർള ഓപസ് പെയിന്റ്സ് സംഘടിപ്പിച്ച 'ഓണത്തിന് വർണമേകം' പൂക്കള മത്സരം സമാപിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിലായി 70ലധികം ടീമുകൾ പങ്കെടുത്തു. ഓഗസ്റ്റ് 24ന് നടന്ന മത്സരത്തിൽ വിവിധ കൂട്ടായ്മകൾ വർണാഭമായ പൂക്കളങ്ങൾ ഒരുക്കി.

ഓരോ നഗരത്തിലെയും വിജയികൾക്ക് യഥാക്രമം 20,000, 15,000, 10,000 എന്നിങ്ങനെ സമ്മാനങ്ങൾ ലഭിച്ചു. തിരുവനന്തപുരം കറിയാവട്ടം ഓപസ് പർപ്പിൾ അമ്പാടി സ്റ്റിച്ചിങ് സെന്റർ ടീം മെഗാ വിജയിയായി ?1 ലക്ഷം നേടി. വട്ടിയൂർക്കാവ്, പള്ളുരുത്തി, പുള്ളോരംപാറ, ഗുരുവായൂർ റോഡ് ടീമുകൾ യഥാക്രമം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ വിജയികളായി.നടിമാരായഅപർണ ദാസ്, അനുശ്രീ, റിമ കല്ലിങ്കൽ, ആര്യ ബാബു എന്നിവരും ആഘോഷങ്ങളിൽ പങ്കെടുത്തു.

# ആദ്യദിനത്തിൽ ലക്ഷ്യം നേടി ഇൻഡെൽ മണി കടപ്പത്രങ്ങൾ

**കൊച്ചി:** കടപ്പത്രങ്ങൾക്ക് (എൻസിഡി) 250 കോടിയുടെ അടിസ്ഥാന ഇഷ്യു ഉൾപ്പടെ 500 കോടി രൂപയുടെ ലക്ഷ്യം ആദ്യദിനത്തിൽ നേടി ഇൻഡെൽ മണി ലിമിറ്റഡ്. കന്പനി പുറത്തിറക്കിയ റെഡീം ചെയ്യാവുന്നതും ഓഹരിയാക്കി മാറ്റാനാകാത്തതുമായ കടപ്പത്രങ്ങളുടെ ഇഷ്യു ആരംഭിച്ച് നാലു മണിക്കൂറിനകം ലക്ഷ്യത്തിലെത്തി. ഇതേത്തുടർന്ന്, നേരത്തേ പ്രഖ്യാപിച്ച തീയതിക്കുമുമ്പ് ഇഷ്യു അവസാനിപ്പിച്ചു.

1759 കോടി രൂപയ്ക്കുള്ള അപേക്ഷകൾ കമ്പനിക്ക് ലഭിച്ചു. ലക്ഷ്യമിട്ട അടിസ്ഥാന ഇഷ്യു തുകയേക്കാൾ 704 ശതമാനം കൂടുതലാണിത്. ആയിരം രൂപ മുഖവിലയുള്ള, ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്യപ്പെട്ട ഈ കടപ്പത്രങ്ങൾക്ക് പ്രതിവർഷം പരമാവധി 12.5 ശതമാനം വരെ ലാഭം ലഭിച്ചേക്കും.




# ഓണം ഒരുമയുടെ ആഘോഷം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി :** ഓണം ഒരുമയുടെ ആഘോഷമാണെന്നും വേർതിരിവുകളില്ലാത്ത ഇത്തരം ആഘോഷങ്ങളാണ് സമൂഹത്തെ ഒന്നിപ്പിക്കുന്നതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. എറണാകുളം പ്രസ്ക്ലബ് സംഘടിപ്പിച്ച ഓണാഘോഷം, 'ഓണോത്സവം 2026' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യരെല്ലാവരും സമന്മാരായിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഓണം. മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കാനും, ദുർബലരെ ചേർത്തുപിടിക്കാനും നമുക്ക് സാധിക്കുമ്പോഴാണ് യഥാർത്ഥത്തിൽ മാവേലി നാട് സാധ്യമാകുന്നതെന്നും അദ്ദേഹം അപറഞ്ഞു. കൊച്ചി മേയർ അഡ്വ.വി.കെ മിനിമോൾ, ഹൈബി ഈഡൻ എംപി, എംഎൽഎമാരായ മുഹമ്മദ് ഷിയാസ്, ദീപക് ജോയ്, ഡെപ്യൂട്ടി മേയർ വി.ആർ സുധീർ, ജില്ലാ കളക്ടർ ജി.പ്രിയങ്ക, സിറ്റി പൊലീസ് കമ്മിഷണർ കാളി രാജ് മഹേഷ് കുമാർ, കെ.ബാബു, പ്രൊഫ. കെ.വി തോമസ്, സി.പി.ഐ ജില്ലാ സെക്രട്ടറി എൻ. അരുൺ ,ബി.ജെ.പി ജില്ലാ പ്രസിഡന്റ് കെ.എസ്. ഷൈജു, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ, സി.ജി രാജഗോപാൽ, കൗൺസിലർമാരായ കെ.വി.പി കൃഷ്ണകുമാർ, ടി.കെ അഷ്‌റഫ്, ഹെന്റി ഓസ്റ്റിൻ, സീന ഗോകുലൻ, വി.പി.ചന്ദ്രൻ, മുൻ മേയർ എം. അനിൽ കുമാർ,പവിഴം ഗ്രൂപ്പ് എംഡി എൻ.പി. ആന്റണി, ജോർജ് പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.

പൂക്കള മത്സരത്തിൽ മാതൃഭൂമി ടീം ഒന്നാം സ്ഥാനവും മലയാള മനോരമ ടീം രണ്ടാം സ്ഥാനവും നേടി. ടൈംസ് ഓഫ് ഇന്ത്യക്കാണ് മൂന്നാം സ്ഥാനം. വടംവലി മത്സരത്തിൽ വനിതാ വിഭാഗത്തിൽ മാതൃഭൂമി ടീം ഒന്നാമതും മിക്സഡ് ടീം രണ്ടാമതുമെത്തി. പുരുഷ വിഭാഗത്തിൽ 24 ന്യൂസ് ജേതാക്കളായി. കൊച്ചിൻ അപ്ഡേറ്റ്സ് ടീമാണ് രണ്ടാമത്.



# സമുദ്രമത്സ്യ മേഖലയിൽ സെയ്ഷെൽസ് സിഎംഎഫ്ആർഐ സഹകരണം

**കൊച്ചി:** സമുദ്രമത്സ്യ ഗവേഷണം, സുസ്ഥിര മത്സ്യബന്ധനം, സമുദ്രകൃഷി (മാരികൾച്ചർ) തുടങ്ങിയ മേഖലകളിൽ ഇന്ത്യയുമായി സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സെയ്ഷെൽസിൽ നിന്നുള്ള ഉന്നതതല പ്രതിനിധിസംഘം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. സെയ്ഷെൽസ് ഫിഷറീസ്, കാർഷിക, ബ്ലൂ ഇക്കോണമി മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് സിഎംഎഫ്ആർഐയിലെത്തിയത്.

കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ, ഫിഷ് സ്റ്റോക് അസസ്മെന്റ്, കടൽ പായലിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനം, അലങ്കാരമത്സ്യ പ്രജനനം, ട്യൂണ മത്സ്യബന്ധനം, മാരികൾച്ചർ എന്നീ മേഖലകളിൽ സിഎംഎഫ്ആർഐ വികസിപ്പിച്ച സാങ്കേതിക വിദ്യകളും ഗവേഷണ പ്രവർത്തനങ്ങളും പ്രതിനിധിസംഘം വിലയിരുത്തി. കാർഷിക അനുബന്ധ മേഖലകളിൽ ഇന്ത്യയുമായി സഹകരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരുമായും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലുമായും ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടെന്ന് മന്ത്രി വാലസ് കോസ്ഗ്രോ വ്യക്തമാക്കി. ഇതിന്റെ ഭാഗമായാണ് സിഎംഎഫ്ആർഐ സന്ദർശനം.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് സ്ഥാപനത്തിന്റെ ഗവേഷണ പുരോഗതികളും സാങ്കേതിക നേട്ടങ്ങളും വിശദീകരിച്ചു. സിഎംഎഫ്ആർഐ വികസിപ്പിച്ച ഡിജിറ്റൽ വിവരശേഖരണ കേന്ദ്രവും ആധുനിക സ്റ്റോക് അസസ്മെന്റ് രീതികളും സംഘം വിലയിരുത്തി. സുസ്ഥിര മത്സ്യബന്ധനവും ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും തമ്മിൽ സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന ഇന്ത്യയുടെ നയരൂപീകരണ രീതികളെക്കുറിച്ചും സംഘം ചോദിച്ചറിഞ്ഞു. സാങ്കേതിക വിജ്ഞാന കൈമാറ്റം, നൈപുണ്യ ശേഷി വികസനം, സംയുക്ത ഗവേഷണങ്ങൾ എന്നിവയിലൂടെ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണ സാധ്യതകൾ യോഗം വിലയിരുത്തി. ഉന്നത ഫിഷറീസ്, നയരൂപീകരണ ഉദ്യോഗസ്ഥർ സെയ്ഷെൽസ് പ്രതിനിധി സസംഘത്തിലുണ്ടായിരുന്നു. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരും വകുപ്പ് മേധാവികളും ചർച്ചയിൽ പങ്കെടുത്തു.

# ഇന്ത്യയിൽ പുതിയ കോംപാക്ട് എസ്‌യുവിയുമായി ഫോക്സ്‌വാഗൺ

**കൊച്ചി:** ഇന്ത്യയിൽ പുതിയ സബ്4 മീറ്റർ കോംപാക്ട് എസ്‌യുവി അവതരിപ്പിക്കുമെന്ന് ഫോക്സ്‌വാഗൺ അറിയിച്ചു. 2027ൽ വിപണിയിലെത്തുന്ന വാഹനം ഇന്ത്യയിലെ ഫോക്സ്‌വാഗന്റെ ഏറ്റവും ജനപ്രിയമായ എസ്‌യുവി മോഡലായി മാറുമെന്നാണ് പ്രതീക്ഷ. ഇന്ത്യൻ വിപണിക്കായി പ്രത്യേകം വികസിപ്പിച്ച എംക്യുബിഎ0ഐഎൻ പ്ലാറ്റ്ഫോമിലാകും വാഹനം നിർമിക്കുക. ഉയർന്ന പ്രാദേശികവൽക്കരണത്തോടെ ഇന്ത്യയിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന പുതിയ എസ്‌യുവി സുരക്ഷ, നിർമാണ നിലവാരം, മികച്ച ഡ്രൈവിങ് അനുഭവം എന്നിവയ്ക്ക് പ്രാധാന്യം നൽകും. രാജ്യത്തെ ഏറ്റവും വലിയ യാത്രാവാഹന വിഭാഗത്തിൽ സാന്നിധ്യം ശക്തമാക്കുകയാണ് പുതിയ മോഡലിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെയും യൂറോപ്പിലെയും എൻജിനീയറിങ് ടീമുകൾ സംയുക്തമായി വികസിപ്പിച്ച പ്ലാറ്റ്ഫോം കുറഞ്ഞ ഉടമസ്ഥാവകാശ ചെലവും കാര്യക്ഷമമായ ഉൽപ്പാദനവും ഉറപ്പാക്കും. ഇന്ത്യൻ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ പരിഗണിച്ചാകും എസ്‌യുവി രൂപകൽപ്പന ചെയ്യുകയെന്ന് വോൾക്സ്വാഗൺ പാസഞ്ചർ കാർസ് ബ്രാൻഡ് സിഇഒ യും വോൾക്സ്വാഗൺ മാനേജ്മെന്റ് ബോർഡ്അംഗവുമായ തോമസ് ഷാഫർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

# കോനാർക്കുമായി ഏഥർ

**കൊച്ചി:** ഏഥർ എനർജി പുതിയ ഇലക്ട്രിക് സ്കൂട്ടർ കോനാർക്കിന്റെ മെറ്റൽ ബോഡിയുടെ ആദ്യ ദൃശ്യം പുറത്തുവിട്ടു. ഓഗസ്റ്റ് 29ന് ബെംഗളൂരുവിൽ നടക്കുന്ന ഔദ്യോഗിക അവതരണത്തിന് മുന്നോടിയായാണ് ടീസർ പുറത്തിറക്കിയത്. ഏഥർ സി.ഇ.ഒയും സഹസ്ഥാപകനുമായ തരുൺ മേത്ത എക്സിൽ പങ്കുവെച്ച വീഡിയോയിൽ സ്കൂട്ടറിന്റെ മെറ്റൽ ബോഡിയുടെ ക്ലോസ്അപ്പ് ദൃശ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2025ലെ ഏഥർ കമ്മ്യൂണിറ്റി ഡേയിലാണ് കോനാർക് ഉൾപ്പെടുന്ന പുതിയ ഇഎൽ പ്ലാറ്റ്ഫോം അവതരിപ്പിച്ചത്. ഈ പ്ലാറ്റ്ഫോമിൽ നിർമിക്കുന്ന ആദ്യ പ്രൊഡക്ഷൻ സ്കൂട്ടറാണ് കോനാർക്. 450, റിസ്താ മോഡലുകൾക്ക് പുറമെ കൂടുതൽ വിപുലമായ ഉപഭോക്തൃ വിഭാഗങ്ങളിലേക്ക് എത്തുകയാണ് പുതിയ മോഡലിലൂടെ ഏഥർ ലക്ഷ്യമിടുന്നത്. ഡിസൈൻ, എൻജിനീയറിങ്, സോഫ്റ്റ്‌വെയർ, ദൈനംദിന ഉപയോഗ സൗകര്യം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് പുതിയ സ്കൂട്ടർ. ഓഗസ്റ്റ് 29ന് നടക്കുന്ന അവതരണത്തിൽ കോനാർക്കിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവിടും.

# വർണാഭമായ ഓണാഘോഷ പരിപാടികളുമായി ഗവ. സൈബർപാർക്ക്

**കോഴിക്കോട്:** ഗവൺമെന്റ് സൈബർപാർക്ക് കാമ്പസിൽ ഐടി ജീവനക്കാരുടെയും കമ്പനികളുടെയും സജീവ പങ്കാളിത്തത്തോടെ ആരവം 2026 ഓണാഘോഷം വിപുലമായി കൊണ്ടാടി. വർണ്ണാഭമായ സാംസ്കാരിക പരിപാടികളോടെ നടന്ന ആഘോഷം സൈബർപാർക്ക് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ വിവേക് നായർ ഉദ്ഘാടനം ചെയ്തു.

കേരളീയ വസ്ത്രങ്ങളുടെനിലവിലെ ഫാഷൻ ട്രെൻഡിന്റെ നേർക്കാഴ്ച കൂടിയായിരുന്നു ഗവ. സൈബർ പാർക്കിലെ ഓണാഘോഷ പരിപാടികൾ. വിവിധ ഐടി കമ്പനികൾ പങ്കെടുത്ത അത്തപ്പൂക്കള മത്സരം, തിരുവാതിരക്കളി, ചെണ്ടമേളം, മാവേലി മന്നന്റെ വരവേൽപ്പ് തുടങ്ങിയ കലാപരിപാടികൾ ആവേശമുണർത്തി. വടംവലി, ഉറിയടി, സുന്ദരിക്ക് പൊട്ടുകുത്തൽ, തുടങ്ങിയ മത്സരങ്ങൾ പങ്കെടുത്തവർക്ക് വ്യത്യസ്ത അനുഭവമായി മാറി. നാല് ഗ്രൂപ്പുകളായി തിരിച്ചായിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്. ഓരോ ഗ്രൂപ്പിനും അനുവദിച്ച നിറങ്ങളുള്ള ബലൂണുകളും ക്യാമ്പസിൽ ഉയർത്തിയിരുന്നു.

വിഭവസമൃദ്ധമായ ഓണസദ്യയിൽ സൈബർപാർക്കിലെ വിവിധ കമ്പനി പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും സാംസ്കാരിക സന്ധ്യയും അരങ്ങേറി.

# സ്കിപ്പർ ലിമിറ്റഡിന് 1,305 കോടി രൂപയുടെ പുതിയ ഓർഡറുകൾ

**കൊൽക്കത്ത:** പ്രമുഖ പവർ ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ ശൃംഖല നിർമാതാക്കളായ സ്കിപ്പർ ലിമിറ്റഡിന് ഇന്ത്യയിലും വിദേശ വിപണികളിലുമായി 1,305 കോടി രൂപയുടെ പുതിയ ഓർഡറുകൾ ലഭിച്ചു.വടക്കേ അമേരിക്കയിലെ ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ പദ്ധതികൾക്കായി ട്രാൻസ്മിഷൻ ടവറുകളും മോണോപോളുകളും വിതരണം ചെയ്യുന്നതിനുള്ള ഓർഡറുകളും പ്രമുഖ ആഭ്യന്തര ഡെവലപ്പറിൽനിന്നുള്ള രണ്ട് 765 കെവി ട്രാൻസ്മിഷൻ ലൈൻ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.പുതിയ ഓർഡറുകൾ കമ്പനിയുടെ ആഭ്യന്തരഅന്താരാഷ്ട്ര ടി&ഡി ബിസിനസിലെ വളർച്ചാ സാധ്യതകൾ ശക്തിപ്പെടുത്തുന്നതായി സ്കിപ്പർ ലിമിറ്റഡ് ഡയറക്ടർ ശരൺ ബൻസാൽ പറഞ്ഞു. വികസിത വിപണികളിൽ കയറ്റുമതി ബിസിനസിന് വീണ്ടും ശക്തമായ മുന്നേറ്റം ലഭിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.



# ഗ്രാമീണ വികസന പദ്ധതികൾക്ക് ധനസഹായം നൽകാൻ നബാർഡും നബ്ഫിഡും കരാർ ഒപ്പിട്ടു

**മുംബൈ:** ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റും (നബാർഡ്) നാഷണൽ ബാങ്ക് ഫോർ ഫിനാൻസിംഗ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഈ പങ്കാളിത്തത്തിലൂടെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, കൃഷി അധിഷ്ഠിത മൂല്യ ശൃംഖലകൾ എന്നിവ ശക്തിപ്പെടുത്താൻ കുറഞ്ഞ നിരക്കിൽ ദീർഘകാല വായ്പകൾ ലഭ്യമാക്കും. കുടിവെള്ള പദ്ധതികൾ, ജലസേചനം, കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ, റൂറൽ റോഡുകൾ, പാലങ്ങൾ, കംപ്രസ്ഡ് ബയോഗ്യാസ് എന്നിവയുൾപ്പെടെയുള്ള പദ്ധതികൾക്ക് സംയുക്തമായി ഫണ്ട് കണ്ടെത്താനും ഉപദേശം നൽകാനും ഇരു സ്ഥാപനങ്ങളും സഹകരിക്കും. ഗ്രാമീണനഗര വ്യത്യാസം കുറയ്ക്കാനും കർഷകരുടെ വരുമാനം വർധിപ്പിക്കാനും ഈ സഹകരണം സഹായിക്കുമെന്ന് നബാർഡ് ചെയർമാൻ ഡോ. ഷാജി കൃഷ്ണൻ വി, നബ്ഫിഡ് മാനേജിംഗ് ഡയറക്ടർ രാജ്കിരൺ റായ് ജി എന്നിവർ വ്യക്തമാക്കി.



# മത്സ്യബന്ധന സഹകരണം ശക്തിപ്പെടുത്താൻ സീഷെൽസ് പ്രതിനിധിസംഘം ഐസിഎആർ സിഫ്റ്റ് സന്ദർശിച്ചു

**കൊച്ചി:** സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്‌വ്യവസ്ഥ മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഇന്ന് ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സന്ദർശിച്ചു. ആഗസ്റ്റ് 24 മുതൽ 28 വരെ നടക്കുന്ന ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം. ഐസിഎആർ സിഫ്റ്റിലെ ഡയറക്ടറുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി.

‘സീഷെൽസിന്റെ സമ്പദ്‌വ്യവസ്ഥയുടെ രണ്ടാമത്തെ പ്രധാന അടിത്തറയാണ് മത്സ്യബന്ധനം. പ്രധാനമായും ട്യൂണ ഉൾപ്പെടെയുള്ള കരയിലെത്തിക്കുന്ന മത്സ്യത്തിൽ നിന്ന് പരമാവധി വരുമാനം നേടുകയാണ് രാജ്യത്തിന്റെ ലക്ഷ്യം. അതിനാൽ വിളവെടുപ്പാനന്തര പരിപാലനത്തിന് വലിയ പ്രാധാന്യമുണ്ട്. മത്സ്യവിഭവങ്ങളിൽ നിന്ന് കൂടുതൽ മൂല്യം സൃഷ്ടിക്കുന്നതിനും അവയുടെ പരമാവധി പ്രയോജനം ഉറപ്പാക്കുന്നതിനും കൂടുതൽ ചാക്രികമായ സമീപനം ആവശ്യമാണ്. വിവിധ തലങ്ങളിലുള്ള വികസനത്തിന് ഇരു രാജ്യങ്ങൾക്കും ഗുണകരമായ സഹകരണത്തിന് വലിയ സാധ്യതകളുണ്ടെന്നും സന്ദർശനത്തിനിടെ സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്‌വ്യവസ്ഥ മന്ത്രി വാലസ് കോസ്ഗ്രോ പറഞ്ഞു.‘

ഐസിഎആർ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ മത്സ്യബന്ധന സംവിധാനങ്ങളുടെ രൂപകൽപ്പനയും വികസനവും, മത്സ്യസംസ്കരണം, മാലിന്യങ്ങളുടെ പ്രയോജനപ്പെടുത്തൽ, ഗുണനിലവാര ഉറപ്പാക്കൽ, വിളവെടുപ്പാനന്തര പരിപാലനം തുടങ്ങിയ മേഖലകളിലെ സ്ഥാപനത്തിന്റെ വൈദഗ്ധ്യവും സാങ്കേതിക ശേഷികളും വിശദീകരിച്ചു. മത്സ്യവിഭവങ്ങളുടെ കാര്യക്ഷമത, സുസ്ഥിരത, മൂല്യം എന്നിവ വർധിപ്പിക്കുന്നതിനായി ഐസിഎആർ, സിഫ്റ്റ് വികസിപ്പിച്ചുവരുന്ന സാങ്കേതികവിദ്യകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

സീഷെൽസ് പ്രതിനിധിസംഘത്തിലെ അംഗങ്ങൾ മത്സ്യബന്ധന മേഖലയിലെ ശേഷിക്കുന്ന അസംസ്കൃത വസ്തുക്കളിൽ നിന്ന് ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ വികസനം, കടൽപ്പായൽ അധിഷ്ഠിത സാങ്കേതികവിദ്യകൾ, മത്സ്യബന്ധന യാനങ്ങളുടെ രൂപകൽപ്പനയും മാനദണ്ഡങ്ങളും, മത്സ്യബന്ധന യാനങ്ങളിൽ നൽകുന്ന പരിശീലനത്തിനുള്ള സാധ്യതകൾ തുടങ്ങിയ മേഖലകളിലെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചു. പ്രതിനിധിസംഘം സ്ഥാപനത്തിലെ വിവിധ സൗകര്യങ്ങളും സന്ദർശിച്ചു.

സീഷെൽസും ഐസിഎആർ- സിഫ്റ്റും തമ്മിലുള്ള സഹകരണ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മത്സ്യബന്ധന സാങ്കേതികവിദ്യ, ഗവേഷണം, പരിശീലനം, ശേഷി വികസനം എന്നിവയിൽ ഭാവിയിൽ നടപ്പാക്കാവുന്ന സഹകരണ മേഖലകൾ കണ്ടെത്തുന്നതിനും സന്ദർശനം സഹായകമായി.